**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5888** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ മൊത്തം അടക്കേണ്ട തുകയിൽ നിന്നാണോ പലിശയിൽ നിന്ന് മാത്രമാണോ ഇളവ് ലഭ്യമാകുന്നത്; എങ്കിൽ എത്ര ശതമാനമാണ് പരമാവധി ഇളവ് ലഭിക്കുന്നത്; വ്യക്തമാക്കാമോ? | (എ) | ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ സാധാരണഗതിയിൽ പലിശയിലാണ് ഇളവ് നൽകുന്നത്. പിഴ പലിശ പൂർണ്ണമായും ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് അനുവദിക്കുന്നു. കൂടാതെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ/ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ/പൂർണ്ണമായോ വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് അനുവദിച്ച് നൽകാറുണ്ട്. വിശദവിവരങ്ങൾ അടങ്ങിയ സഹകരണ സംഘം രജിസ്ട്രാറുടെ 32/2021 നമ്പർ സർക്കുലർ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

File No.5197/2021-AEL(1)

നവകേരളീയം കുടിശ്ശിക നിവാരണം- 2021

Email : keralarcs.coop@kerala.gov.in

Website : www.cooperation.kerala.gov.in

എ.ഇ.എൽ/5197/21

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 13.08.2021

## സർക്കുലർ നമ്പർ: 32/2021

വിഷയം:- സഹകരണ വകുപ്പ് - പ്രാഥമിക സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക നിർമ്മാർജ്ജന പദ്ധതി - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 സംഘടിപ്പിക്കുന്നത് - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 54/19, 64/20 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ

കോവിഡ്- 19 മഹാമാരിയും അതിനെ തുടർന്നുള്ള ലോക്ക്ഡൗൺ ഉൾപ്പെടയുള്ള നിയന്ത്രണങ്ങൾ കാരണവും, തൊഴിൽ നഷ്ടത്താലും, ആരോഗ്യ കാരണങ്ങളാലും ജന ജീവിതം ദുഃസ്സഹമായിരിക്കുന്നതിനാൽ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പയെടുത്ത സഹകാരികൾക്ക് വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന അവസ്ഥ നിലനിൽക്കുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകളിലെ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർദ്ധിച്ചു വരുന്നതിനാൽ സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടം കൂടുന്നതിനും, ആയത് സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനും ഇടവരുത്തുന്നു.

ഈ സാഹചര്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, കോവിഡ് -19 മഹാമാരി കാരണം ജീവിതം ദുഃസ്സഹമായിരിക്കുന്ന വായ്പക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി സംസ്ഥാനത്തെ സഹകരണ മേഖലയിൽ കേരള സഹകരണ നിയമം വകുപ്പ് 66 (A), 74 (F) എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021" നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

<u>നവകേരളീയം കുടിശ്ശിക നിവാരണം</u>
<u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി –2021</u>

ഈ പദ്ധതിയുടെ കാലാവധി **2021 ആഗസ്റ്റ് 16 മുതൽ 2021 സെപ്റ്റംബർ 30 വരെ** ആയിരിക്കും. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും വായ്പ നൽകുന്നതുമായ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും/സഹകരണ ബാങ്കുകൾക്കും ഈ പദ്ധതി ബാധകമായിരിക്കും. കരുതൽവെയ്ക്കേണ്ടി വന്നതും പ്രാഥമിക സംഘങ്ങൾ/ബാങ്കുകളുടെ നഷ്ടത്തിന് ഇടയാക്കുന്നതുമായ കുടിശ്ശിക/നിഷ്ക്രിയ ആസ്തിയായ കാലപ്പഴക്കമുള്ള വായ്പകൾ ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനും ഇതിലൂടെ പ്രാഥമിക സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക പരമാവധി കുറയ്ക്കുകയും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുകയും ചെയ്യുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. മാത്രമല്ല നല്ല രീതിയിൽ വായ്പാ തിരിച്ചടവ് നടത്തുന്നവർക്ക് പലിശ ഇൻസെന്റീവും പദ്ധതി ലക്ഷ്യമിടുന്നു.

<u>പദ്ധതിയുടെ നടത്തിപ്പിനായി ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.</u>

1. സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, ഹൗസിംഗ് സഹകരണ സംഘങ്ങൾ, സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെ സഹകരണ സംഘം രജിസ്ട്രാറിന് കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്കാണ് ഈ പദ്ധതി ബാധകമാവുക. സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയ്ക്ക് ഈ കാലയളവിൽ പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. അതാത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ രജിസ്ട്രാറുടെ അംഗീകാര ത്തിനായി സമർപ്പിക്കേണ്ടതാണ്.

2. 2021 മാർച്ച് 31 വരെ പൂർണ്ണമായോ ഭാഗീകമായോ കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കലിനായി പരിഗണിക്കാവുന്നതാണ്.

3. ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഗുരുതരമായ ഹൃദയ സംബന്ധ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ, ലിവർ സിറോസിസ് ബാധിച്ചവർ, ചികിത്സിച്ച്

മാറ്റാൻ കഴിയാത്ത മാനസിക രോഗം, ക്ഷയരോഗം എന്നിവ ബാധിച്ചവർ, ടി രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങളായിട്ടുള്ളവർ (കുടുംബം എന്നാൽ ഭാര്യ, ഭർത്താവ്, മക്കൾ, അച്ഛൻ,അമ്മ) അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റേയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി വായ്പ ബാധ്യത തീർപ്പാക്കാവുന്നതാണ്.

4. വായ്പാക്കാരന്റെ നിലവിലെ സാഹചര്യം, സാമ്പത്തിക സ്ഥിതി, തിരിച്ചടവ് ശേഷി എന്നിവ ഭരണ സമിതി വിലയിരുത്തി ഉചിതമായ തീരുമാനത്തിലെത്തുകയും വായ്പാക്കാരനുമായി തിരിച്ചടവ് സംബന്ധിച്ച് ധാരണയിലാകുകയും ടി ധാരണ പ്രകാരം വായ്പാ തിരിച്ചടവിന് അവസരം നൽകേണ്ടതുമാണ്.

5. 100% കരുതൽ വെയ്ക്കേണ്ടിവന്നിട്ടുള്ള വായ്പകൾ ഈ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിന് പ്രത്യേകം മുൻഗണന നൽകേണ്ടതാണ്.

6. സർക്കുലർ മാർഗ്ഗനിർദ്ദേശ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുമ്പോൾ സംഘത്തിന്റെ/ ബാങ്കിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുക്കേണ്ടതാണ്.

7. ഈ പദ്ധതി പ്രകാരം സാധാരണ പലിശ നിരക്കിലാണ് പലിശ കണക്കാക്കേണ്ടത്.

8. ഈ പദ്ധതി പ്രകാരം അവസാനിപ്പിക്കുന്ന എല്ലാ വായ്പകളിലും പിഴപലിശ പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

9. ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ ഈടാക്കാവുന്നതാണ്. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകളിൽ ആർബിട്രേഷൻ / എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ/ പരസ്യ ചെലവുകൾ എന്നിവ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ആവശ്യമെങ്കിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് സംഘം ഭരണ സമിതിക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## I) 50,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ

- 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/-രൂപ വരെയുള്ള വായ്പകൾ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബാക്കിനിൽപ്പ് മുതൽ തുക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽ തുകയും പലിശയുടെ 50% ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- 5 വർഷത്തിൽ താഴെ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകാവുന്നതാണ്. ഇത് ഇപ്രകാരമായിരിക്കും.

  1 വർഷം കുടിശ്ശികയായത് - പലിശയിൽ പരമാവധി 10% ഇളവ്
  2 വർഷം കുടിശ്ശികയായത് - പലിശയിൽ പരമാവധി 20% ഇളവ്
  3 വർഷം കുടിശ്ശികയായത് - പലിശയിൽ പരമാവധി 30% ഇളവ്
  4 വർഷം കുടിശ്ശികയായത് - പലിശയിൽ പരമാവധി 40% ഇളവ്
  5 വർഷം കുടിശ്ശികയായത് - പലിശയിൽ പരമാവധി 50% ഇളവ്

- 5 വർഷത്തിൽ താഴെ കുടിശ്ശികയായതും 25000 രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 30% വരെ പലിശയിൽ ഇളവ് ചുവടെ പറയും പ്രകാരം നൽകാവുന്നതാണ്.

  1 വർഷം കുടിശ്ശികയായത് - പലിശയിൽ പരമാവധി 10% ഇളവ്
  2 വർഷം കുടിശ്ശികയായത് - പലിശയിൽ പരമാവധി 20% ഇളവ്
  3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായത് - പലിശയിൽ പരമാവധി 30% ഇളവ്

## II) 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/-രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ

- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ കുടിശ്ശിക വായ്പ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതു പ്രകാരം പലിശ തുക ഈടാക്കി വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.
- പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ പരമാവധി 25% വരെ സംഘംതല കമ്മറ്റിക്ക് ഇളവ് നൽകാവുന്നതാണ്.
- സംഘം തലത്തിൽ തീർപ്പ കൽപ്പിക്കാൻ കഴിയാത്ത ഇത്തരം വായ്പകളിൽ ജില്ലാ സമിതിയുടെ തീരുമാനത്തിന് അപേക്ഷ നൽകാവുന്നതാണ്. ജില്ലാതല കമ്മിറ്റിക്ക് സംഘംതല കമ്മിറ്റിയുടെ ശുപാർശ അടിസ്ഥാനത്തിന്മേൽ ഇത്തരം കേസുകളിൽ പരമാവധി 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
- ഇപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പ തുകയും നിശ്ചയിക്കുന്ന പലിശയും സംഘംതല/ജില്ലാതല കമ്മിറ്റികൾ തീരുമാനിക്കുന്ന തീയതിക്കകം അടച്ച തീർക്കേണ്ടതാണ്.

III) <u>2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ</u>

2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള വായ്പകളിന്മേൽ കുടിശ്ശിക വായ്പ മുതൽ തുകയും വായ്പ എടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയതു പ്രകാരം പലിശ തുക ഈടാക്കിയും പിഴപ്പലിശ ഒഴിവാക്കിയും, ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ്, കോടതി ചെലവുകൾ, പരസ്യ ചെലവുകൾ എന്നിവ ഈടാക്കിയും താഴെ പറയും പ്രകാരം പലിശ ഇളവ് നൽകി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

| ക്രമ നമ്പർ | കാലാവധി | പലിശ ഇളവ് |
|---|---|---|
| 1 | 1 വർഷം കുടിശ്ശികയായ വായ്പകൾക്ക് | പിഴപ്പലിശ ഒഴിവാക്കി പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരം വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| 2 | 1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 10%വരെ ഇളവ്. |
| 3 | 3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പ കൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 15% വരെ ഇളവ് |
| 4 | 5 വർഷം മുതൽ 10വർഷം | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം |

| | | |
|---|---|---|
| | വരെ കുടിശ്ശികയായ വായ്പകൾക്ക് | കണക്കാക്കിയ തുകയുടെ പരമാവധി 20% വരെ ഇളവ് |
| 5 | 10 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 25% വരെ ഇളവ് |

ഇത്തരം വായ്പകളിൽ സംഘം ഭരണ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ പരമാവധി 25% വരെ ഇളവ് അനുവദിക്കാവുന്നതാണ്.

- സംഘം തലത്തിൽ തീർപ്പ കൽപ്പിക്കാൻ കഴിയാത്ത ഇത്തരം വായ്പകളിൽ ജില്ലാ തല കമ്മിറ്റിയുടെ തീരുമാനത്തിന് അപേക്ഷ നൽകാവുന്നതാണ്. ജില്ലാതല കമ്മിറ്റിക്ക് സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിന്മേൽ ഇത്തരം കേസുകളിൽ പരമാവധി 40 % വരെ പലിശയിൽ ഇളവ്വ നൽകാവുന്നതാണ്.
- ഇപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പ തുകയും നിശ്ചയിക്കുന്ന പലിശയും സംഘംതല/ജില്ലാതല കമ്മിറ്റികൾ തീരുമാനിക്കുന്ന തീയതിയ്ക്കകം അടച്ചു തീർക്കേണ്ടതാണ്.

IV) <u>കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്കുള്ള ഇളവുകൾ</u>

- വായ്പാ തിരിച്ചടവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി 01.04.2020 മുതൽ കൃത്യമായി തവണ തുകകൾ അടച്ചു വരുന്ന വായ്പക്കാർക്ക് ടി വായ്പകളിൽ 2020-21 സാമ്പത്തിക വർഷം അടച്ച പലിശയിൽ ഇളവുകൾ നൽകാവുന്നതാണ്.
- ഇത്തരത്തിൽ കണക്കാക്കുന്ന തുക ടി വായ്പയുടെ ബാക്കി നിൽക്കുന്ന തുകയിൽ വരവ് വയ്ക്കാവുന്നതും വായ്പ കണക്ക് അവസാനിപ്പിച്ചു കഴിഞ്ഞവർക്ക് രൊക്കം തുകയായി തിരികെ നൽകാവുന്നതുമാണ്.
- നിലവിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് സംഘം/ബാങ്ക് തലത്തിൽ നിലവിൽ ഇളവുകൾ നൽകിയിട്ടുള്ള പക്ഷം ആയത് കണക്കിലെടുത്തു കൊണ്ട് മാത്രമേ അനുവദിക്കാവൂ. ഇപ്രകാരമുള്ള ഇളവ് സംഘം ഭരണ സമിതിക്ക് അനുവദിക്കാവുന്നതാണ്.

## V) പ്രളയ-കോവിഡ് ബാധിതർക്കുള്ള പ്രത്യേക ഇളവുകൾ

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക ആയിട്ടുള്ള 2018, 2019-ലെ പ്രളയ ബാധിത പ്രദേശങ്ങളിലെ പ്രളയ ദുരിതം നേരിട്ടവരും, സംസ്ഥാനത്തെ കോവിഡ് ബാധിതരായ വായ്പക്കാരിലും വരുമാനദായകനായ ആശ്രിതൻ മരണപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം വായ്പകൾക്കും ചുവടെ പറയും പ്രകാരം പലിശ ഇളവ് നൽകി സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റെയും ശുപാർശയുടേയും അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

| ക്രമ നമ്പർ | കാലാവധി | പലിശ ഇളവ് |
|---|---|---|
| 1 | 1 വർഷം കുടിശ്ശികയായ വായ്പകൾക്ക് | പിഴപ്പലിശ ഒഴിവാക്കി പഴയ പലിശ നിരക്കോ പുതിയ പലിശ നിരക്കോ ഏതാണ് കുറവ് ആയത് പ്രകാരം വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| 2 | 1 വർഷം മുതൽ 3 വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 20%വരെ ഇളവ്. |
| 3 | 3 വർഷം മുതൽ 5 വർഷം വരെ കുടിശ്ശികയായ വായ്പ കൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 30%വരെ ഇളവ് |
| 4 | 5 വർഷം മുതൽ 10വർഷം വരെ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 40%വരെ ഇളവ് |
| 5 | 10 വർഷത്തിന് മുകളിൽ കുടിശ്ശികയായ വായ്പകൾക്ക് | മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കണക്കാക്കിയ തുകയുടെ പരമാവധി 50%വരെ ഇളവ് |

## VI) മരണപ്പെട്ടവർ, മാരക രോഗങ്ങൾ ബാധിച്ചവരുടെവായ്പകൾ

- സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ (പദ്ധതിയുടെ നടത്തിപ്പിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക (3) - ൽ പരാമർ ശിക്കുന്നവ) ബാധിച്ചവരോ ആയവരുടെ 50,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗീകമായോ/പൂർണ്ണമായോ, മുതലും പലിശയും ചേർന്ന

ബാധ്യത ഭാഗീകമായോ/ പൂർണ്ണമായോ സംഘം ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംഘംതല കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്.

- 50,000/- രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള മേൽ പ്രകാരമുള്ള ഇളവുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റേയും, സംഘതല കമ്മിറ്റിയുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്നതാണ്.
- ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള കേസുകൾ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് കൃത്യമായ അനുബന്ധ രേഖകൾ സഹിതം ഇതോടൊപ്പമുള്ള പ്രൊഫോർമ (9) ൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കും പ്രകാരമാണ്.

| | | |
|---|---|---|
| ബഹു.സഹകരണ വകുപ്പ് മന്ത്രി | : | ചെയർമാൻ |
| സഹകരണ വകുപ്പ് സെക്രട്ടറി | : | അംഗം |
| സഹകരണ സംഘം രജിസ്ട്രാർ | : | അംഗം |
| അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) | : | അംഗം |

ഇപ്രകാരം ഇത്തരം വായ്പകളുടെ ബാധ്യത അവസാനിപ്പിക്കാവുന്നതും ഇളവ് അനുവദിച്ചവരുടെ പട്ടിക ഇളവ് അനുവദിച്ച തുക എന്നിവ സഹിതം അടുത്ത പൊതുയോഗത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.

## VII) ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ

- 2021 മാർച്ച് 31 വരെ ബാക്കി നിൽക്കുന്ന വായ്പയുമായി ബന്ധപ്പെട്ട എല്ലാ ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകളും (വായ്പാ തുകയുടെ പരിധി ബാധകമാക്കാതെ) നിർബന്ധമായും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- കക്ഷികൾക്ക് ആർബിട്രേറ്റർ/സെയിൽ ആഫീസർമാർ അതാത് സംഘങ്ങളുടെ അദാലത്ത് ദിവസം സംഘത്തിൽ ഹാജരാകാൻ നോട്ടീസ് നൽകേണ്ടതും അദാലത്തിൽ തീരുമാനമാകുന്ന തുക അടയ്ക്കുന്നതിന് പരമാവധി 15 ദിവസം സമയപരിധി നിശ്ചയിച്ച് ഉത്തരവ് നൽകേണ്ടതാണ്.
- മേൽ പറഞ്ഞ പ്രകാരം തുക അടയ്ക്കുന്ന മുറയ്ക്ക് ഫയലിൽ നടപടികൾ അവസാനിപ്പിക്കേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ വ്യക്തമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതുമാണ്.

- ➢ കൂടുതൽ കാലപ്പഴക്കമുള്ള ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതും പരമാവധി തീർപ്പാക്കേണ്ടതുമാണ്.
- ➢ **ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് സെയിൽ ആഫീസറുടെ ചുമതലയാണ്.** ഏതെങ്കിലും കാരണവശാൽ ഫയലുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പിന്നീട് ശ്രദ്ധയിൽ പെടുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.
- ➢ . ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്ന കേസുകളെ സംബന്ധിച്ച വിവരം സംഘം ആസ്ഥാനത്തും, ശാഖകളിലുമുള്ള നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതും, സംഘത്തിന്റെ/ബാങ്കിന്റെ വെബ് സൈറ്റ് ഉണ്ടെങ്കിൽ ആയതിൽ പരസ്യപ്പെടുത്തേണ്ടതുമാണ്.
- ➢ ആർബിട്രേഷൻ / എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിലേയ്ക്കായി രണ്ടാഴ്ചയിൽ ഒരിക്കൽ അദാലത്തുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തേണ്ടതാണ്.

## <u>നിബന്ധനകൾ</u>

- ➢ കുടിശ്ശികയായിരുന്ന വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ച് തീർക്കുന്ന വായ്പാക്കാർക്ക് ആവശ്യമാണെങ്കിൽ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പുതിയ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം നൽകുന്ന വായ്പ നിലവിലുള്ള വായ്പാ തുകയെക്കാൾ അധികരിക്കാൻ പാടുള്ളതല്ല.
- ➢ ഈ പദ്ധതി പ്രകാരം പലിശ ഇളവ് ലഭിക്കുന്നതിനും ബന്ധപ്പെട്ട അധികാരികളുടെ / സ്ഥാപനങ്ങളുടെ സാക്ഷ്യപത്രങ്ങൾ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. മരണപ്പെട്ട കേസുകളിൽ മരണ സർട്ടിഫിക്കറ്റും, മുകളിൽ പട്ടികയിൽ ഉൾപ്പെട്ട മാരക രോഗങ്ങൾ ബാധിച്ച കേസുകളിൽ അംഗീകൃത ആശുപത്രിയിൽ നിന്നും നൽകുന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.
- ➢ ബന്ധപ്പെട്ട കമ്മിറ്റികൾ നിശ്ചയിച്ച തീയതിക്ക് മുമ്പായി വായ്പാകണക്ക് പൂർണ്ണമായി അവസാനിപ്പിക്കുന്നവർക്ക് മാത്രമാണ് ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളത്.
- ➢ മുമ്പ് വായ്പയിൽ അടച്ച മുതലോ, പലിശയോ യാതൊരു കാരണവശാലും കണക്കിലെടുക്കേണ്ടതോ, പുനഃപരിശോധിക്കേണ്ടതോ ഇല്ല. ബാക്കി നിൽക്കുന്ന മുതലിൽ ആണ് പലിശ കണക്കാക്കേണ്ടത്.

- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ സംഘം / ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരും അസിസ്റ്റന്റ് രജിസ്ട്രാർ / യൂണിറ്റ് ഇൻസ്പെക്ടർ, ആഡിറ്റർ, എ & ഇ ഇൻസ്പെക്ടർ / സ്പെഷ്യൽ സെയിൽ ആഫീസർ തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥരും നിർബന്ധമായും പങ്കെടുക്കേണ്ടതും, വായ്പാക്കാരുടെ സ്ഥിതി ബോധ്യപ്പെട്ടും വായ്പയുടെ തരംതിരിവ്, കാലാവധി, വായ്പയ്ക്ക് ആഡിറ്റിൽ വെച്ചിട്ടുള്ള കരുതൽ എന്നിവ കണക്കിലെടുത്തും, ഇളവ് അനുവദിക്കുന്നതിനുള്ള വ്യക്തമായ കാരണം രേഖപ്പെടുത്തി വായ്പയിൽ തീർപ്പ് കൽപ്പിക്കേണ്ടതാണ്.
- സ്വർണ്ണ പണയ വായ്പ, നിക്ഷേപത്തിന്മേലുള്ള വായ്പ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല.
- മുൻകാലങ്ങളിൽ ഇത്തരം പദ്ധതികളിൽപ്പെടുത്തി ആയതു വരെയുള്ള കുടിശ്ശിക മുതലും പലിശയും ഇളവുകളോട് കൂടി അടച്ചുതീർക്കുകയും ആയതിനുശേഷം വീണ്ടും ക്രമമായി അടയ്ക്കാതിരിയ്ക്കുകയും ചെയ്യുന്ന വായ്പാക്കാർക്കും, തുടർച്ചയായി അദാലത്തിൽ ഹാജരാകുകയും അദാലത്ത് തീരുമാനമനുസരിച്ച് പ്രവർത്തിക്കാതെ വരികയും ചെയ്യുന്ന വായ്പക്കാർക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.
- ഈ പദ്ധതിയുടെ ഭാഗമായി അദാലത്ത് സംഘടിപ്പിക്കേണ്ടതും ആയതിന്റെ വിവരവും വായ്പ ബാധ്യതയും, അദാലത്ത് നടത്തുന്ന തീയതി, സ്ഥലം, സമയം എന്നിവ സംബന്ധിച്ച് എല്ലാ കുടിശ്ശികക്കാർക്കും നേരിട്ടോ തപാൽ മുഖേനയോ അറിയിപ്പ് നൽകേണ്ടതാണ്.
- ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയെ സംബന്ധിച്ച് പ്രാദേശികമായി വ്യാപകമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി ആകർഷകമായ പോസ്റ്ററുകൾ അച്ചടിപ്പിക്കാവുന്നതും ബാനറുകൾ, പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതും, ഉച്ചഭാഷിണി, പ്രാദേശിക കേബിൾ ടി വി, മാധ്യമങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവ മുഖേന ചെലവു കുറഞ്ഞ പരസ്യങ്ങൾ ചെയ്യാവുന്നതുമാണ്.

## <u>പൊതുനിർദ്ദേശങ്ങൾ</u>

1. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 ന്റെ വിജയകരമായ നടത്തിപ്പിനായി സഹകരണ സംഘം / ബാങ്ക് തലത്തിലും താലൂക്ക് തലത്തിലും, ജില്ലാതലത്തിലും താഴെ പറയും പ്രകാരം കമ്മിറ്റികൾ രൂപികരിക്കേണ്ടതാണ്. കൂടാതെ ബഹുമാനപ്പെട്ട നിയമസഭാ അംഗങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 സംബന്ധിച്ച കാര്യങ്ങൾ

യഥാസമയം അറിയിക്കേണ്ടതാണ്. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ, സംഘങ്ങൾ / ബാങ്കുകളുടെ പ്രസിഡന്റ് / സെക്രട്ടറിമാർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത്, കുടിശ്ശിക നിലവാരം വിലയിരുത്തുകയും, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 സംഘടിപ്പിക്കുന്നതും നടത്തിപ്പും സംബന്ധിച്ച് വിശദീകരിക്കുകയും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ, സർക്കിൾ യൂണിയൻ ചെയർമാൻ, താലൂക്കിലെ വായ്പാ സംഘങ്ങൾ / ബാങ്കുകളുടെ പ്രസിഡന്റ് / സെക്രട്ടറിമാർ, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം കൂടി ഓരോ സംഘത്തിന്റെയും കുടിശ്ശിക നിലവാരം വിലയിരുത്തുകയും, സംഘം / ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നത് ഉൾപ്പെടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 നടപ്പാക്കുന്നത് സംബന്ധിച്ച് രൂപരേഖ തയ്യാറാക്കേണ്ടതും, ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും, അദാലത്തിലേയ്ക്ക് വകുപ്പ് ഉദ്യോഗസ്ഥരെ വിന്യസിപ്പിക്കേണ്ടതുമാണ്.

3. അപ്പക്സ് ബാങ്കുകളുടെ കണക്കുകൾ ടി ബാങ്കുകൾ നേരിട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.
4. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 സംഘടിപ്പിക്കുന്നതിന് ഓരോ സംഘം / ബാങ്കും ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി ചുമതലപ്പെടുത്തേണ്ടതും, ടിയാനുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ കുടിശ്ശികകാർക്കുള്ള നോട്ടീസിൽ കാണിക്കേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള എല്ലാ ജോലികളും, വായ്പാക്കാർക്ക് നോട്ടീസ് അയയ്ക്കുന്നത് ഉൾപ്പെടെ നോഡൽ ആഫീസർ ഉറപ്പുവരുത്തേണ്ടതും, നോഡൽ ആഫീസറുടെ ജോലി ബന്ധപ്പെട്ട ഭരണസമിതി വിലയിരുത്തേണ്ടതുമാണ്. അർഹനായ ഒരു വ്യക്തിക്കോ / കുടുംബത്തിനോ അവസരം നഷ്ടമാകില്ല എന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ജാഗ്രത പുലർത്തേണ്ടതുമാണ്.

5. ഓരോ സംഘത്തിന്റെയും യൂണിറ്റ് ഇൻസ്പെക്ടർക്കായിരിക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 സംഘംതല മോണിറ്ററിംഗ് നടത്തുന്നതിനുള്ള ചുമതല. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ചിടത്തോളം അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർമാർ ഇക്കാര്യം പരിശോധിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ

ആഫീസർമാരെ പ്രത്യേകം നിയമിക്കാത്ത പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ ചുമതലയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ / വാല്യുവേഷൻ ആഫീസർക്കൊപ്പം ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് കൂടി ഇതിന്റെ ചുമതല നൽകേണ്ടതാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 കാലാവധി അവസാനിച്ച് കഴിഞ്ഞതിന് ശേഷം, ഓരോ സംഘത്തിന്റെയും പ്രവർത്തനം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, സംഘങ്ങൾ സന്ദർശിച്ച് വിലയിരുത്തുന്നതും, സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട നോഡൽ ആഫീസർക്കും, യൂണിറ്റ് ഇൻസ്പെക്ടർമാർക്കും, അസിസ്റ്റന്റ് രജിസ്ട്രാർക്കും എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

6. ഓരോ സഹകരണ സംഘവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 പ്രകാരം നൽകുന്ന ഇളവുകൾ അനുബന്ധം (എ) യിലെ മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ അവലോകനം നടത്തുന്നതിനും മറ്റും ഇത് സഹായകരമാകുമെന്നതിനാൽ സർവ്വീസ് സഹകരണ ബാങ്ക് / സംഘങ്ങൾ എന്നിവയുടെ ഹെഡ് ആഫീസിലും, ശാഖകളിലും ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതിന് അതാത് ബാങ്കുകൾ നിർദ്ദേശം നൽകേണ്ടതാണ്. ഇതോടൊപ്പം ലിസ്റ്റിന്റെ ഒരു സോഫ്റ്റ് കോപ്പി (കമ്പ്യൂട്ടർ പതിപ്പ്) ഭാവിയിലെ പരിശോധനകൾക്കായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

7. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2021 പുരോഗതി വിലയിരുത്തുന്നതിനായി കണക്കുകൾ ശേഖരിച്ച് അവലോകനം ചെയ്യുന്നതിനായി മാതൃകാ പ്രൊഫോർമകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയിൽ നിലനിൽക്കുന്ന കുടിശ്ശിക വായ്പാ കണക്കുകൾ 1-ാം നമ്പർ പ്രൊഫോർമയിൽ സംഘം / ബാങ്ക് തലത്തിൽ ശേഖരിക്കേണ്ടതും ആയത് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ പരിശോധിച്ച് ബോധ്യപ്പെടേണ്ടതും, അപ്രകാരം താലൂക്ക് തലത്തിലുള്ള സംഘങ്ങളുടെ വിവരങ്ങൾ 2-ാം നമ്പർ പ്രൊഫോർമയിൽ ക്രോഡീകരിച്ച് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ സാക്ഷ്യപ്പെടുത്തി ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. ഇതുൾപ്പെടെ പ്രൊഫോർമ 3 തയ്യാറാക്കി ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് 05.09.2021 - നകം തപാലിലും aelrcs2018@gmail.com എന്ന ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്. ക്യാമ്പയിന്റെ പുരോഗതി റിപ്പോർട്ട് സംഘംതലത്തിൽ പ്രൊഫോർമ 4-ലും, താലൂക്ക് തലത്തിൽ

പ്രൊഫോർമ 5-ലും, ജില്ലാതലത്തിൽ പ്രൊഫോർമ 6-ലും, ആർബിട്രേഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 7-ലും, എക്സിക്യൂഷൻ കേസുകളുടെ അവലോകനം പ്രൊഫോർമ 8-ലും തയ്യാറാക്കി അതാത് തലത്തിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ 10.10.2021 നകം സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും aelrcs2018@gmail.com ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്. പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ പ്രൊഫോർമയിൽ തയ്യാറാക്കി അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ ജോയിന്റ് രജിസ്ട്രാർക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്.

**8.** സംഘംതല കമ്മിറ്റിയും. ജില്ലാതല കമ്മിറ്റിയും അനുവദിച്ചിട്ടുള്ള ഇളവുകൾ പ്രൊഫോർമ -10 ൽ 10.10.2021 നകം സഹകരണ സംഘം രജിസ്ട്രാർക്ക് തപാലിലും aelrcs2018@gmail.com എന്ന ഇ-മെയിലിലും സമർപ്പിക്കേണ്ടതാണ്.

**9.** അദാലത്തുകൾ സംഘടിപ്പിക്കുമ്പോൾ അതാത് പ്രദേശത്ത് നിലനിൽക്കുന്ന കോവിഡ് -19 മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

## കമ്മിറ്റികൾ

| സംഘംതലത്തിൽ | | |
|---|---|---|
| 1 | അതാത് സംഘം / ബാങ്ക് പ്രസിഡന്റ് | ചെയർമാൻ |
| 2 | എല്ലാ ഭരണസമിതി അംഗങ്ങളും | അംഗങ്ങൾ |
| 3 | യൂണിറ്റ് ഇൻസ്പെക്ടർ | അംഗം |
| 4 | സംഘം ആഡിറ്റർ | അംഗം |
| 5 | എ &ഇ ഇൻസ്പെക്ടർ/ സെയിൽ ആഫീസർ | അംഗം |
| 6 | ജീവനക്കാരുടെ ഒരു പ്രതിനിധി | അംഗം |
| 7 | പഞ്ചായത്ത് പ്രസിഡന്റ് / വാർഡ് കൗൺസിലർ | അംഗം |
| 8 | ചീഫ് എക്സിക്യൂട്ടീവ് / സെക്രട്ടറി | കൺവീനർ |

ജില്ലാ തലം

| | | |
|---|---|---|
| 1 | ജോയിന്റ് രജിസ്ട്രാർ (ജനറൽ) | ചെയർമാൻ |
| 2 | ചെയർമാൻമാർ സർക്കിൾ സഹകരണ യൂണിയൻ | അംഗങ്ങൾ |
| 3 | പി.എ.സി.എസ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് / സെക്രട്ടറി | അംഗം |
| 4 | ജില്ലാ അർബൻ ബാങ്ക് പ്രസിഡന്റുമാരും | അംഗങ്ങൾ |
| 5 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് / പ്രതിനിധി | അംഗം |
| 6 | കോർപ്പറേഷൻ കൗൺസിലർ | അംഗം |
| 7 | പ്രാഥമിക സഹകരണ സംഘം സെക്രട്ടറീസ് അസോസിയേഷൻ പ്രസിഡന്റ് / സെക്രട്ടറി | അംഗം |
| 8 | ജീവനക്കാരുടെ 3 പ്രതിനിധികളെ അതാതു ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ അതാതു ജില്ലാതല പ്രതിനിധികളെ നിശ്ചയിക്കേണ്ടതാണ് | അംഗം |
| 9 | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) | കൺവീനർ |
| 10 | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് | ജോയിന്റ് കൺവീനർ |

- ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് / പദ്ധതി പ്രായോഗിക പ്രശ്നങ്ങൾ/ ജില്ലയിലെ സഹകരണ മേഖലയിൽ സ്വീകരിച്ച / സ്വീകരിച്ചുവരുന്ന കാര്യങ്ങൾ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം), സഹകരണ സംഘം (ക്രെഡിറ്റ്) അഡീഷണൽ രജിസ്ട്രാർക്ക് ഫാക്സ് / ഇ-മെയിൽ മുഖേന, യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- ജില്ലാതല പ്രവർത്തനം ഫലവത്തായി ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള ചുമതല (നോഡൽ ആഫീസർ) സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) ആയിരിക്കും.
- സംസ്ഥാനതലത്തിൽ ഈ പദ്ധതി സംബന്ധിച്ച കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) സംസ്ഥാന തല നോഡൽ ആഫീസറും ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്), ഡെപ്യൂട്ടി നോഡൽ ആഫീസറും ആയിരിക്കും.
- പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ചുവടെ പരാമർശിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| 1 | ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ് I) | 0471-2330825(Ext.402) |
| 2 | ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ് II) | 0471-2330825(Ext.400) |
| 3 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 1-സി.ബി) | 0471-2330825(Ext.414) |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 2-സി.പി) | 0471-2330825(Ext.424) |
| 5 | അസിസ്റ്റന്റ് രജിസ്ട്രാർ (ക്രെഡിറ്റ് 3-സി.എൽ.റ്റി) | 0471-2330825(Ext.409) |
| 6 | AELസെക്ഷൻ | 0471-2330825(Ext.409) |
| 7 | ഫാക്സ് നമ്പർ | 0471-2331513 |

(ഒപ്പ്)
പി.ബി.നൂഹ് .ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ.

പകർപ്പ്:-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും, എല്ലാസഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ആഡിറ്റ് )മാർക്കും.
3. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ.
5. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
6. ചെയർമാൻ/ മാനേജിംഗ് ഡയറക്ടർ,കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
7. ജനറൽ മാനേജർ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്
8. ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക് / കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ.
9. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ
10. പ്രസിഡന്റ് / സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ, തിരുവനന്തപുരം.
11. പ്രസിഡന്റ് / സെക്രട്ടറി, പി.എ.സി.എസ് അസോസിയേഷൻ, തിരുവനന്തപുരം.
12. എല്ലാ അസിസ്റ്റന്റ്രജിസ്ട്രാർ (ജനറൽ) / വാല്യുവേഷൻആഫീസർക്കും.
13. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
14. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും / ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
15. ഈ ആഫീസിലെ എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും / സെക്ഷനുകൾക്കും
16. രജിസ്ട്രാറുടെ മേശപ്പുറത്ത്.
17. എഡിറ്റർ, സഹകരണ വീഥി, ജേർണൽ (പ്രസിദ്ധീകരണത്തിന്)
18. വെബ് സൈറ്റ്.
19. സ്റ്റോക്ക് ഫയൽ
20. സ്പെയർ.